തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം
(അവതരണം : **K RAJENDRAN CHETTIYAR)**

നം. **DIC/351/2023-EC1** തീയതി : **18-11-2026**

വിഷയം:- വ്യവസായം - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം, ഹെഡ് ക്ലർക്ക്/ചീഫ് അക്കൗണ്ടന്റ് തസ്തികയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം:- 1. ഈ കാര്യാലയത്തിലെ **01.09.2026** തീയതിയിലെ **DIC/4361/2026-EC1** നമ്പർ നടപടിക്രമം

2. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ **23.07.2025** ലെ **DIC/2465/2024-E E 1** നമ്പർ ഹെഡ് ക്ലാർക്ക്/ചീഫ് അക്കൗണ്ടന്റ്മാരുടെ **31.12.2023** വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ്.

3. **4/11/2026** തീയതിയിലെ കയർ വികസന ഡയറക്ടറുടെ **DCD/546/2026-CE1** നമ്പർ നടപടിക്രമം

4. ശ്രീ.ഷിജു എസ്.എൻ, ശ്രീമതി.ദിവ്യ പി.സി എന്നീ ജൂനിയർ സൂപ്രണ്ടുമാർ സമർപ്പിച്ച സ്ഥലംമാറ്റത്തിനുള്ള അപേക്ഷ

ഉത്തരവ്

I. സ്ഥലംമാറ്റം

ഭരണസൗകര്യാർത്ഥം / ജീവനക്കാരുടെ അപേക്ഷ പ്രകാരവും താഴെ പറയുന്ന ജൂനിയർ സൂപ്രണ്ടുമാരെ അവരുടെ പേരിന് നേരെയുള്ള ഓഫീസുകളിലേക്ക് സ്ഥലംമാറ്റി നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

ക്രമ നം.	പേര്, നിലവിലെ ഓഫീസ്	സ്ഥലംമാറ്റി നിയമിക്കുന്ന ഓഫീസ്
1.	ശ്രീ ഷിജു എസ്. എൻ. **(PEN: 522419)** ജൂനിയർ സൂപ്രണ്ട്, ജില്ലാ വ്യവസായ കേന്ദ്രം, കാസറഗോഡ്(അപേക്ഷ പ്രകാരം)	വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം. (ശ്രീമതി.ദിവ്യ പി.സി ജൂനിയർ സൂപ്രണ്ട് ന് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ)
2.	ശ്രീമതി.ദിവ്യ പി.സി **(P E N : 3 8 1 6 6 4)** ജൂനിയർ സൂപ്രണ്ട്, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം. (അപേക്ഷ പ്രകാരം)	ജില്ലാ വ്യവസായ കേന്ദ്രം, കാസറഗോഡ് (ശ്രീ ഷിജു എസ്. എൻ, ജൂനിയർ സൂപ്രണ്ട് ന് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ)
	ശ്രീമതി.രജിത യു.കെ	ജില്ലാ വ്യവസായ കേന്ദ്രം, കണ്ണൂർ (

3.	(PEN: 613901) ജൂനിയർ സൂപ്രണ്ട്, ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം	കുമാരി ഷീബ കെ.പി പ്രത്യേക ആകസ്മിക അവധിയിലായ ഒഴിവിലേക്ക്)

II. സ്ഥാനക്കയറ്റം

പരാമർശം (1) ലെ ഉത്തരവ് പ്രകാരം ശ്രീ സുധീർ കെ.പി ജൂനിയർ സൂപ്രണ്ട്, സർവ്വീസിൽ നിന്നും വിരമിച്ചതിനാലും പരാമർശം (3) ലെ ഉത്തരവ് പ്രകാരം ശ്രീ പ്രതീഷ് കുമാർ കെ ജൂനിയർ സൂപ്രണ്ട് അന്യത്ര സേവന വ്യവസ്ഥയിൽ പ്രവേശിക്കുന്നതിനായി വിടുതൽ ചെയ്തതിനാലും ഉണ്ടായ ഒഴിവുകളിലേക്ക് പരാമർശം (2) ലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം യോഗ്യരായ ഹെഡ് ക്ലാർക്ക് / ചീഫ് അക്കൗണ്ടന്റ് തസ്തികയിലെ താഴെപറയുന്ന ജീവനക്കാർക്ക് ₹ 43,400 - 91,200/- രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി അവരുടെ പേരിനു നേരെ രേഖപ്പെടുത്തിയിരിക്കുന്ന ഓഫീസുകളിലേക്ക് നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ക്രമ നം.	സീനി.നം.	പേര്, നിലവിലെ ഓഫീസ്	ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ഓഫീസ്
1.	28	ശ്രീമതി ഷീജ കെ. വി.(PEN-619185) (ഹെഡ് ക്ലാർക്ക്, ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം)	ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം (ശ്രീമതി.രജിത യു.കെ യ്ക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവ്)
2.	29	ശ്രീമതി.റീനമോൾ വി.വി (PEN-672286)(ഹെഡ് ക്ലാർക്ക്,(പ്രൊജക്ട് ഓഫീസ് (കയർ) നോർത്ത് പറവൂർ)	കയർ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം (ശ്രീ.പ്രതീഷ് കുമാർ കെ അന്യത്ര സേവനത്തിൽ പോയ ഒഴിവിലേക്ക്)

1. 10.02.2021 ലെ ജി.ഒ (പി) നം. 27/2021/ധന (Pay Revision Order 2021) പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ പേ ഫിക്സേഷൻ ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർമാർ നിർവ്വഹിക്കേണ്ടതാണ്.

2. സ്ഥാനക്കയറ്റം/സ്ഥലംമാറ്റം ലഭിച്ച ഉദ്യോഗസ്ഥരെ കൺട്രോളിംഗ് ഓഫീസർമാർ ഉടൻ തന്നെ പ്രസ്തുത കാര്യാലയത്തിലെ ചുമതലകളിൽ നിന്നും വിടുതൽ ചെയ്യേണ്ടതും, ടി ഉദ്യോഗസ്ഥരുടെ വിടുതൽ/ജോലിയിൽ പ്രവേശിക്കൽ സംബന്ധിച്ച വിവരം ഈ ഓഫീസിൽ യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

3. ഈ ഉത്തരവ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.industry.kerala.gov.in) പ്രസിദ്ധീകരിക്കുന്നതാണ്. ഉത്തരവിന്റെ പ്രത്യേക പകർപ്പുകൾ ജീവനക്കാർക്ക് വ്യക്തിഗതമായി അയക്കുന്നതല്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ടി വെബ്സൈറ്റിൽ നിന്നും ഉത്തരവ് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കേണ്ടതാണ്.

Digitally signed by
K. Rajendran Chettiyar
Date: 18-11-2026
15:39:19

K RAJENDRAN CHETTIYAR

SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ് :- ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (നിയന്ത്രണാധികാരി മുഖേന

പകർപ്പ് :
1. കയർ വികസന ഡയറക്ടർ, തിരുവനന്തപുരം
2. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കണ്ണൂർ /മലപ്പുറം/കാസറഗോഡ്/പ്രൊജക്ട് ഓഫീസ് (കയർ) നോർത്ത് പറവൂർ/
3. ഇ.ഇ / അക്കൗണ്ട്സ് / സ്പാർക്ക് സെക്ഷൻ സൂപ്രണ്ടുമാർ